E 7734 (Pages : 3) Reg. No.....................................

Name.....................................

# B.Com. (MODEL II) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2017

First Semester

Additional Language—Malayalam

## കഥ, കവിത, നാടകം

(2013 to 2016 Admissions)

Time : Three Hours Maximum Marks : 80

### പാർട്ട് എ

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. വി.ടി.യുടെ ആത്മകഥയുടെ പേരെന്ത് ?
2. ഫെമിനിസത്തിന് പെണ്ണെഴുത്ത് എന്ന തർജ്ജുമ നൽകിയതാരാണ് ?
3. അടുക്കളയിൽനിന്നും അരങ്ങത്തേക്ക് പ്രസിദ്ധീകരിച്ച വർഷം.
4. കൂന്തച്ചേച്ചി ആരുടെ കവിതയാണ് ?
5. വയലാറിന്റെ യാത്രാവിവരണ കൃതിയുടെ പേരെന്ത് ?
6. ആലാഹയുടെ പെൺമക്കൾ ആരുടെ നോവലാണ് ?
7. പേടിസ്വപ്നങ്ങൾ ആരുടെ കഥാസമാഹാരമാണ് ?
8. വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥയ്ക്ക് ആസ്പദമായ സംഭവം നടന്ന വർഷം.
9. ഉപരികുന്ന് ആരുടെ നോവലാണ് ?
10. വൻകടലിലെ തുഴവള്ളക്കാർ ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ് ?

(10 × 1 = 10)

### പാർട്ട് ബി

എട്ടു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരമെഴുതുക.

11. അടുക്കളയിൽനിന്നും അരങ്ങത്തേക്ക് എന്ന നാടകത്തിലെ അവതാരിക പഠന വിധേയമാക്കുക.
12. എൻ.വി. കൃഷ്ണവാര്യരുടെ കൃതികളെ പരിചയപ്പെടുത്തുക.
13. വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥയുടെ രാഷ്ട്രീയ പശ്ചാത്തലം വിവരിക്കുക.

Turn over

Scanned with CamScanner

14. അടുക്കളയിൽനിന്നും അരങ്ങത്തേക്ക് എന്ന നാടകത്തിലെ മാധവൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

15. കാടു കയറുന്ന പൂർവികർ എന്ന കഥയുടെ പ്രത്യേകതയെന്ത് ?

16. കറുത്ത നട്ടുച്ച എന്ന കവിതയിലെ ബിംബങ്ങൾ പഠനവിധേയമാക്കുക.

17. സ്ത്രീപർവം ഒരു സ്ത്രീപക്ഷ കവിതയാണോ—ചർച്ച ചെയ്യുക.

18. അന്നത്തെയുഷ്ണത്തിനെന്തുത്തരം

അന്നത്തെയമ്മയ്ക്കുമെന്തുത്തുരം

—ആശയം എഴുതുക.

19. കുഞ്ഞില്ലാഞ്ഞവൾ

അരകല്ലടുത്തെത്തി കരയുന്നു കേഴുന്നു

ഉമ്മറപ്പെടിയെത്തി വിങ്ങുന്നു വിതുമ്പുന്നു

—കാരണമെഴുതുക.

20. എം.ടി.യുടെ കൃതികളെ പരിചയപ്പെടുത്തുക.

21. വാനപ്രസ്ഥം എന്ന കഥയ്ക്ക് ആ പേര് അനുയോജ്യമാകുന്നത് എങ്ങനെ ?

22. അവനു കിട്ടിയ നിധി—പ്രമേയം വിശകലനം ചെയ്യുക.

(8 × 2 = 16)

## പാർട്ട് സി

ആറ് ചോദ്യങ്ങൾക്ക് നൂറു വാക്കിൽ ഉത്തരമെഴുതുക.

23. നമ്പൂതിരി നാടകങ്ങൾ—ചർച്ച ചെയ്യുക.

24. "മുത്തശ്ശി അതൊന്നും ഈ രാജ്യത്തല്ല ഇവിടങ്ങളിലൊന്നും യുദ്ധ്യോല്യ. മാല്ല ലഹളേം ഇല്ല്" —ഇങ്ങനെ പറയുവാനുള്ള സാഹചര്യമെന്തായിരുന്നു ?

25. ചീക്കിയുണക്കീട്ടും പാറ്റിക്കൊഴിച്ചിട്ടും

ഉപ്പിട്ടു വെച്ചിട്ടും ഉറയൊഴിച്ചുറി

യേറ്റി ഉറപ്പോടെ വെച്ചിട്ടും

—ആശയം എഴുതുക.

26. ഓർക്കുവാനെന്തുണ്ടു കൂട്ടുകാരി

കാക്കക്കറുപ്പുള്ള നട്ടുച്ചകൾ

—ബിംബകല്പനയുടെ പ്രാധാന്യമെന്ത് ?

Scanned with CamScanner

27. സ്ത്രീപർവം എന്ന കവിതയിലെ പ്രമേയം ചർച്ച ചെയ്യുക.

28. ബ്രാഹ്മണ സമുദായത്തിലെ അനാചാരങ്ങളെ അതിനിശിതമായി വിമർശിച്ച നാടകമാണ് അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്—പഠനമെഴുതുക.

29. പുരാണ കഥാസന്ദർഭങ്ങൾ വിമർശനാത്മകമായി പരിശോധിക്കുന്ന രചനാ രീതികളോട് യോജിക്കുന്നുണ്ടോ ? അഭിപ്രായം എന്ത് ?

30. സേതുവിൻെറ രചനാശൈലിയെ പരിചയപ്പെടുത്തുക.

31. നവീന കഥകൾ—കുറിപ്പെഴുതുക.

(6 × 4 = 24)

## ഡി വിഭാഗം

രണ്ടു ചോദ്യങ്ങൾക്ക് നാനൂറു വാക്കിൽ ഉത്തരമെഴുതുക.

32. സാമൂഹികാവബോധവും ചരിത്രബോധവും എൻ.എസ്. മാധവൻെറ രചനകളുടെ പ്രത്യേകതയാണ്—വിവരിക്കുക.

**അല്ലെങ്കിൽ**

33. രണ്ട് കാലങ്ങൾ തമ്മിലുള്ള അഭിമുഖീകരണമാണ് വാനപ്രസ്ഥം—വിശദമാക്കുക.

34. സുഗതകുമാരി, ഗീതാഹിരണ്യൻ എന്നിവരുടെ കവിതകളിലെ ഭാഷാപരമായ പ്രത്യേകതകൾ വിവരിക്കുക.

**അല്ലെങ്കിൽ**

35. ജീവിതത്തിൻെറ സമഗ്രമായ ലോക ചിത്രമാണ് കഥ—പാഠഭാഗത്തിലെ കഥകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(2 × 15 = 30)

Scanned with CamScanner